(ബി) ടി ഓർഡിനൻസ് പ്രകാരം സംസ്ഥാനത്തിനായി ഒരു പെർസ്പെക്ടീവ് പ്ലാനും ജില്ല/മെട്രോപൊളിറ്റൻ തലങ്ങളിൽ പെർസ്പെക്ടീവ് പ്ലാനുകളും ലോക്കൽ പ്ലാനിംഗ് ഏരിയ/ജോയിന്റ് പ്ലാനിംഗ് ഏരിയാതലങ്ങളിൽ മാസ്റ്റർ പ്ലാനുകളും ഒരു ലോക്കൽ പ്ലാനിംഗ് ഏരിയയ്ക്കുള്ളിലുള്ള പ്രത്യേക പ്രദേശങ്ങൾക്ക് വിശദനഗരാസൂത്രണ പദ്ധതികളും തയ്യാറാക്കാൻ വ്യവസ്ഥയുണ്ട്. കൂടാതെ ജില്ല/മെട്രോപൊളിറ്റൻ ഏരിയ/ലോക്കൽ പ്ലാനിംഗ് ഏരിയകൾക്ക് എക്സ്ടിക്യൂഷൻ പ്ലാൻ തയ്യാറാക്കാനും ഓർഡിനൻസിൽ വ്യവസ്ഥയുണ്ട്.

(സി) സംസ്ഥാനത്തിനായുള്ള പെർസ്പെക്ടീവ് പ്ലാൻ സ്റ്റേറ്റ് ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് കമ്മീഷനും ജില്ലാതലത്തിലുള്ള പെർസ്പെക്ടീവ് പ്ലാനും എക്സ്ടിക്യൂഷൻ പ്ലാനും അതത് ജില്ലാ പ്ലാനിംഗ് കമ്മിറ്റിയും മെട്രോപൊളിറ്റൻ പ്രദേശത്തിനുള്ള പെർസ്പെക്ടീവ് പ്ലാനും എക്സ്ടിക്യൂഷൻ പ്ലാനും അതത് മെട്രോപൊളിറ്റൻ പ്ലാനിംഗ് കമ്മിറ്റിയും മാസ്റ്റർ പ്ലാനുകൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ (മുനിസിപ്പൽ കോർപ്പറേഷൻ/മുനിസിപ്പൽ കൗൺസിൽ/ടൗൺ പഞ്ചായത്ത്/വില്ലേജ് പഞ്ചായത്ത്)ജോയിന്റ് പ്ലാനിംഗ് കമ്മിറ്റിയും അവയുടെ എക്സ്ടിക്യൂഷൻ പ്ലാൻ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമാണ് തയ്യാറാക്കേണ്ടത്.

(ഡി) ഇല്ല.

ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മാണം

177 (1615) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജിഡ ഫണ്ട് ഉപയോഗപ്പെടുത്തി ചെറായി ജംഗ്ഷനിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് തീരുമാനിച്ചിരുന്നുവോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഇക്കാര്യത്തിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ;

(സി) പ്രവൃത്തി നടപ്പാക്കുന്നതിനുള്ള കാലതാമസം എന്തുകൊണ്ടെന്നും ഏതെങ്കിലും തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ എന്തെന്നും വിശദീകരിക്കാമോ ;

(ഡി) ബൈപ്പാസ് നിർമ്മാണം എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി&സി) പ്രസ്തുത നിർമ്മാണം 24-2-2010-ലെ ജിഡ ജനറൽ കൗൺസിൽ അംഗീകാര പ്രകാരം കിറ്റ്കോവഴി നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുള്ളതാണ്. ഇതനുസരിച്ച് കിറ്റ്കോ 4 നിർദ്ദേശങ്ങൾ സമർപ്പിച്ചിരുന്നു. മേൽ നിർദ്ദേശങ്ങൾ പരിശോധിച്ചശേഷം പഞ്ചായത്ത് കമ്മിറ്റിയിലെ 24-12-2013-ലെ 2(6)-ാം നമ്പർ തീരുമാനപ്രകാരം പഴയ പഞ്ചായത്താഫീസിന്റെ കിഴക്കുവശത്തുനിന്നും ആരംഭിച്ച് വസ്തേരി പാലത്തിനുസമീപം എത്തിച്ചേരുന്ന നിർദ്ദേശം പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളതാണ്. ഇതിനാവശ്യമായ എസ്റ്റിമേറ്റ്, ഏറ്റെടുക്കേണ്ടിവരുന്ന സ്ഥലങ്ങളുടെ സർവ്വേ വിവരങ്ങൾ എന്നിവ തയ്യാറാക്കി 23-10-2014-ൽ കിറ്റ്കോ ജിഡയിൽ സമർപ്പിച്ചിട്ടുണ്ട്. ആയത് ജനറൽ കൗൺസിലിന്റേയും സർക്കാരിന്റെയും അംഗീകാരത്തോടെ നടപ്പിൽ വരുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) പദ്ധതിക്കുള്ള അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്.

ചേരിവികസനത്തിനുള്ള വിവിധ പദ്ധതികൾ

178 (1616) ശ്രീ. സി. മോയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേരി വികസനം ലക്ഷ്യമിട്ട് ആവിഷ്കരിച്ചു നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ചേരി വികസനത്തിനുള്ള കേന്ദ്ര പദ്ധതികൾ ഏതെല്ലാം ; ഇവയുടെ സംസ്ഥാനത്തെ പ്രവർത്തന പുരോഗതി വിശദമാക്കുമോ ;

(സി) രാജീവ് ആവാസ് യോജന പദ്ധതി പ്രകാരം സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് ;

(ഡി) തിരുവനന്തപുരം നഗരത്തിലെ ചെങ്കൽച്ചൂള പ്രദേശത്തിന്റെ വികസനത്തിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) രാജീവ് ആവാസ് യോജന (RAY), ബേസിക് സർവീസസ് ഫോർ അർബൻ പൂവർ (BSUP), സംയോജിത പാർപ്പിട ചേരിവികസന പദ്ധതി (IHSDP) എന്നിവയാണ് ചേരിവികസനത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ.